12 (568) പുതിയ വ്യവസായ സംരംഭങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വ്യവസായങ്ങൾ പുതുതായി ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(ബി) ചെറുകിട, വൻകിട പൊതുമേഖല, സ്വകാര്യമേഖല, സഹകരണമേഖല എന്നിങ്ങനെ ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ജില്ലസഹിതം വ്യക്തമാക്കുമോ;

(സി) പൂട്ടിക്കിടക്കുന്ന ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ബാക്കിയുള്ളവ തുറന്നു പ്രവർത്തിപ്പിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കിൻഫ്രയുടെ എറണാകുളത്തുള്ള കിൻഫ്രാ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കെ.സി.പി.എൻ. എന്ന കമ്പനി ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 145 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ 30 വ്യവസായങ്ങൾ ആരംഭിച്ചു 67690 ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള പൊതുമേഖലയിലേയും സ്വകാര്യമേഖലയിലെയും വൻകിട ഇടത്തരം വ്യവസായങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം I-ൽ നൽകിയിരിക്കുന്നു. സ്വകാര്യ മേഖലയിൽ 26 ചെറുകിട/ഇടത്തരം കമ്പനികളും 4 വൻകിട കമ്പനികളും ടെക്നോപാർക്കിൽ ഉണ്ട്. ഇവ എല്ലാം തിരുവനന്തപുരം ജില്ലാ വ്യവസായ വാണിജ്യ ഡയറക്ടറുടെ കീഴിൽ 67690 ചെറുകിട വ്യവസായങ്ങളാണ് ഇതിനകം ആരംഭിച്ചത്. ജില്ലതിരിച്ചുള്ള കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(സി) പൊതുമേഖലയിലുള്ള കേരള സോപ്സ് ആന്റ് ഓയിൽസും, കെ.എസ്.ഡി.പി.യുടെ വൈറ്റമിൻ എ ഡിവിഷനും തുറന്നുപ്രവർത്തിപ്പിക്കുകയുണ്ടായി. ചാലക്കുടി റിഫ്രാക്ടറീസ്, മന്നം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ് എന്നിവ പൂട്ടിക്കിടക്കുകയാണ്. ഈ രണ്ടു സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് വി.ആർ.എസ്. നൽകിക്കഴിഞ്ഞു. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ഇപ്പോൾ ലേ-ഓഫിലാണ്. കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ച വ്യവസായങ്ങളുടെ വിവരം അനുബന്ധം 2ലും ഇപ്പോൾ പൂട്ടിക്കിടക്കുന്നവയുടെ വിശദാംശങ്ങൾ അനുബന്ധം 3 ലും നൽകിയിരിക്കുന്നു.†

13 (569) വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിദേശ പര്യടനം

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥൻമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർ വിദേശപര്യടനം നടത്തിയതിന്റെ ലക്ഷ്യം എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ;

(സി) അവർ വിദേശത്ത് ആരെല്ലാമായി ചർച്ച നടത്തിയിട്ടുണ്ട്;

(ഡി) അവരുടെ ചർച്ചയുടെ ഫലമായി സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ഇ) അവരുടെ വിദേശപര്യടനംമൂലം സംസ്ഥാനത്തിന് എന്തെല്ലാം നേട്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

14 (570) സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായസ്ഥാപനങ്ങളിൽ വേതനക്കരാർ പുതുക്കാൻ നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനവും മറ്റും സംബന്ധിച്ച ദീർഘകാല കരാർ പുതുക്കാൻ ബാക്കിയുണ്ട്.

(ബി) വേതനം പുതുക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എത്ര സമയത്തിനകം കരാർ പുതുക്കൽ പൂർത്തീകരിക്കാൻ കഴിയും;

(ഡി) തൊഴിലാളി യൂണിയനുകൾ ഇത് സംബന്ധിച്ച് ആവശ്യം ഉന്നയിച്ചിട്ടുള്ളതായി അറിവുണ്ടോ?

ഉത്തരം

(എ) അനുബന്ധം I-ആയി നൽകിയിരിക്കുന്നു. †

(ബി)-(ഡി) ശേഖരിച്ചുവരുന്നു.

15 (571) വ്യവസായ മേഖലയിൽ മുതൽമുടക്ക്

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996 - 97, 1997 - 98, 1998 - 99 എന്നീ വർഷങ്ങളിൽ കേന്ദ്രഗവൺമെന്റ് സംസ്ഥാനത്ത് വ്യവസായ മേഖലയിൽ എന്തു മുതൽമുടക്ക് നടത്തിയിട്ടുണ്ട് എന്ന് സംസ്ഥാന ഗവൺമെന്റിന് അറിവുണ്ടോ;

(ബി) എങ്കിൽ ഇത് അതതു വർഷം കേന്ദ്രഗവൺമെന്റ് നടത്തിയിട്ടുള്ള ഒട്ടാകെ മുതൽ മുടക്കിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ കേന്ദ്രഗവൺമെന്റിന്റെ നിക്ഷേപം 1995-96 ൽ 484.37 കോടി രൂപയും 1996-97-ൽ 601.74

LIBRARY ARCHIVES Kerala Legislative Assembly